ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: ഡി.ജി.ഇ/9439/2024-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 10-06-2024
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
(2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
(3) എല്ലാ പ്രധമാധ്യാപകരും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-തസ്തിക നിർണയം - 2024-25 - UID വാലിഡേറ്റ് ചെയ്യുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. 30/05/2024 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻഇപി 1 /6440/2024/ഡിജിഇ നമ്പർ സർക്കുലർ
2. 09/05/2024 ലെ ഇതേ നമ്പർ സർക്കുലർ

******************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം, UID വാലിഡേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. സൂചന (2) പ്രകാരം സമ്പൂർണ്ണയിൽ യു.ഐ.ഡി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നു. തസ്തികനിർണ്ണയത്തിന് യു.ഐ.ഡി ആവശ്യമായതിനാൽ ചുവടെ പറയുന്ന പ്രകാരം തുടർനടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

(1) 6-ാം പ്രവർത്തി ദിനം വരെയും (അതായത് 10/06/2024 ന വൈകുന്നേരം 5 മണി വരെയും) യു.ഐ.ഡി. ഇൻവാലിഡ് ആയിരിക്കുന്ന കുട്ടികളുടെ കാര്യത്തിൽ, സ്കൂൾ പ്രധമാധ്യാപകർ, സമ്പൂർണ്ണയിലെ UID Analysis പരിശോധിച്ച്, അത്തരം കുട്ടികളുടെ ആധാറിന്റെ വ്യക്തതയുള്ള ഫോട്ടോ (കുട്ടിയുടെ ചിത്രം, ആധാർ നമ്പർ, പേര്, ലിംഗം, ജനനത്തീയതി എന്നിവ ഉൾപ്പെട്ടത്) **13/06/2024 നകം** അപ്‌ലോഡ് ചെയ്യണം. കാരണം രേഖപ്പെടുത്താനുള്ള ഫീൽഡും അപ്ഡേറ്റ് ചെയ്ത്, യുഐഡി വാലിഡേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

(2) തർക്കങ്ങളോ, **മറ്റു വിഷയങ്ങളോ അവശേഷിക്കുന്ന പക്ഷം 14/06/2024, 15/06/2024 എന്നീ** തീയതികളിൽ അതതു ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ പരിഹാര നടപടി സ്വീകരിക്കണം.

(3) മുൻ ഖണ്ഡികകളിലെ നടപടികൾക്കു ശേഷവും തീർപ്പാകാത്ത കേസുകൾ ഉണ്ടെങ്കിൽ, ബന്ധപ്പെട്ട കക്ഷികൾക്ക്, 15/06/2024 ന് ഫോൺ / ഇ-മെയിൽ മുഖാന്തിരം ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിപ്പ് നൽകേണ്ടതും, വിഷയം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്. അത്തരം കേസുകൾ, അതതു **വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ 19/06/2024 ന ഹിയറിംഗ് നടത്തി,** കൈറ്റ് കോഡിനേറ്റർ ഉൾപ്പെടെ ഉള്ളവരുടെ സഹായത്തോടെ തീർപ്പാക്കേണ്ടതാണ്. യു.ഐ.ഡി വാലിഡ് ആക്കുന്നതിന് ജൂൺ 20 ന് ശേഷം അവസരം ഉണ്ടായിരിക്കുന്നതല്ല.

(4) **യു.ഐ.ഡി വാലിഡ് ആക്കുന്നതിനോട് അനുബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് 15/06/2024 വരെ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുമ്പാകെ ലഭ്യമാക്കുന്ന അപേക്ഷകളേ പരിഗണിക്കപ്പെടുകയുള്ളൂ** എന്നതും അറിയിക്കുന്നു.

മേൽ വിവരങ്ങൾ എല്ലാ മാനേജ്മെന്റുകൾക്കും പ്രഥമാധ്യാപകർക്കും ഉടൻ പ്രാബല്യത്തിൽ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Shanavas S
Date: 10-06-2024 13:40:54
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

(1) എല്ലാ മാനേജർമാർക്കും (അറിവിലേക്കും തുടർ നടപടികൾക്കുമായി
(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന )

(2 ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്,പൂജപ്പുര
(അറിവിലേക്കും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി നല്കുന്നു)